**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2523** **12-12-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പഞ്ചായത്ത് ഭൂമി വിട്ട് നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പിൽ നിന്നും ഭൂമി അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനായി എടച്ചേരി ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള സർവ്വെ നം. 163/5-ൽപ്പെട്ട 50 സെൻറ് ഭൂമിയിൽ നിന്നും 10 സെൻറ് സ്ഥലം, സബ് രജിസ്ട്രാർ ഓഫീസിൻറെ കെട്ടിട നിർമ്മാണത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ RC1/53/2019/LSGD നമ്പരായി തുടർനടപടി സ്വീകരിക്കുകയും റവന്യൂ നിയമ വകുപ്പുകളിൽനിന്നും അഭിപ്രായം ആരായുകയുമുണ്ടായി. ഭൂമി പതിച്ചുകൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നതിന് കരട് വിജ്ഞാപനം ലഭ്യമാക്കാൻ RE3/94/2022/LSGD കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കെട്ടിടം നിർമ്മിക്കാനായി ഭൂമി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിലെ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനായി എടച്ചേരി ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള സർവ്വെ നം. 163/5-ൽപ്പെട്ട 50 സെൻറ് ഭൂമിയിൽ നിന്നും 10 സെൻറ് സ്ഥലം, സബ് രജിസ്ട്രാർ ഓഫീസിൻറെ കെട്ടിട നിർമ്മാണത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ RC1/53/2019/LSGD നമ്പരായി തുടർ നടപടി സ്വീകരിക്കുകയും റവന്യൂ നിയമ വകുപ്പുകളിൽ നിന്നും അഭിപ്രായം ആരായുകയുമുണ്ടായി. ഭൂമി പതിച്ചുകൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നതിന് കരട് വിജ്ഞാപനം ലഭ്യമാക്കാൻ RE3/94/2022/LSGD കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ